# Malayala Manorama
# 29 August 2018
# Kochi, After Flood, Flood Relief Fund

## സംഭാവന ഗംഭീരമാക്കാൻ പ്രദീപിന്റെ 'വരവഴി'

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകുന്നവർക്കായി കാരിക്കേച്ചർ ചാലഞ്ച്**

കൊച്ചി ● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവന ചെയ്യുന്നവർക്കെല്ലാം കാരിക്കേച്ചറുകൾ സമ്മാനിച്ചു ഫാക്ടിലെ സീനിയർ കെമിസ്റ്റായ പ്രദീപ് പുരുഷോത്തമൻ. തുക നിക്ഷേപിച്ചതിന്റെ രസീത് അയച്ചുകൊടുത്താൽ പണം നൽകിയവരുടെ കാരിക്കേച്ചർ വരച്ചുനൽകാനുള്ള ചാലഞ്ചാണു പ്രദീപ് ഏറ്റെടുത്തിരിക്കുന്നത്.

വാട്സാപ്പിലൂടെയോ ഫെയ്സ്ബുക്കിലൂടെയോ രസീതും ഫോട്ടോയും അയച്ചുകൊടുത്താൽ പ്രദീപ്, കാരിക്കേച്ചർ വരച്ചു നൽകും. കുറഞ്ഞത് 500 രൂപയെങ്കിലും ദുരിതാശ്വാസ ഫണ്ടിലേക്കു നിക്ഷേപിക്കണമെന്ന ഉപാധി മാത്രമേ പ്രദീപിനുള്ളു. കൂടുതൽ ആളുകളെ ദുരിതാശ്വാസനിധിയിലേക്കു സംഭാവന ചെയ്യാൻ പ്രേരിപ്പിക്കുകയാണു 'വീ ഷാൽ ഓവർകം' എന്ന കാരിക്കേച്ചർ പരമ്പരയിലൂടെ പ്രദീപിന്റെ ലക്ഷ്യം. ജോലികഴിഞ്ഞുള്ള വൈകുന്നേരങ്ങളിലും അതിരാവിലെയുമാണു വരയ്ക്കാനുള്ള സമയം കണ്ടെത്തുന്നത്. മുൻപു മൊഴിവരയെന്ന പേരിൽ അക്ഷരങ്ങൾകൊണ്ട് എഴുത്തുകാരുടെ കാരിക്കേച്ചർ പരമ്പര പ്രദീപ് ചെയ്തിരുന്നു.



പ്രദീപ് വരച്ച കാരിക്കേച്ചർ.


പ്രദീപ് പുരുഷോത്തമൻ